തിരുവനന്തപുരം കളക്ടറേറ്റിലെ ജനസമ്പർക്ക പരിപാടി

8 [1560] ശ്രീ. സി. പി. നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറിന്റെ ജനസമ്പർക്ക പരിപാടി അനുസരിച്ച് തിരുവനന്തപുരം കളക്ടറേറ്റിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) അതിൽ എത്രയെണ്ണം തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞു എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കളക്ടറേറ്റിലെ സീ്കട്ട് വിഭാഗത്തിലെ ഫയലുകളുടെ കാലതാമസത്തെപ്പറ്റി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത വിഭാഗത്തിൽ ഇതുവരെ ഏതെങ്കിലും രീതിയിലുള്ള ഫയലുകൾ തീർപ്പാകാതെ കിടപ്പുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം സ്വഭാവമുള്ള ഫയലുകളാണ് തീർപ്പുകൽപ്പിക്കാനുള്ളതെന്ന് വിശദമാക്കുമോ;

(എഫ്) ഇവ എന്നത്തേക്ക് തീർപ്പ് കൽപ്പിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 7,548 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) അതിൽ 5,299 അപേക്ഷകളിൻമേൽ തീർപ്പു കൽപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി, ഇ) സീ്കട്ട് വിഭാഗത്തിലെ ഫയലുകളെ സംബന്ധിച്ച് ലഭിച്ചിട്ടുള്ള 7 അപേക്ഷകളിൻമേലും ജില്ലാ കളക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. വഴി തർക്കം, വൈദ്യുതി കണക്ഷൻ സംബന്ധിച്ച് 4 അപേക്ഷകൾ, ജോലിക്കായുള്ള അപേക്ഷ, പെൻഷൻ ആനുകൂല്യം സംബന്ധിച്ചുള്ള അപേക്ഷ എന്നിവയാണ് തീർപ്പുകൽപ്പിക്കുവാനുള്ളത്.

(എഫ്) എല്ലാ അപേക്ഷയിൻമേലും നടപടി സ്വീകരിച്ചിട്ടുണ്ട്. എത്രയും വേഗം തീർപ്പാക്കുവാൻ ശ്രമിക്കുന്നുണ്ട്.

ആദിവാസി ഭൂമി സംബന്ധമായ തർക്കം

9 [1561] ശ്രീ. കെ. പി. മമ്മുമാസ്റ്റർ:
,, പാലോട് രവി:
,, ടി. ശിവദാസമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗിരിജനങ്ങളുടേയും ആദിവാസികളുടേയും ഭൂമി കയ്യേറിയതുസംബന്ധിച്ചുള്ള അവകാശ തർക്കങ്ങളിൽ ഗവൺമെൻറ് എന്ത് നിലപാട് സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുസംബന്ധിച്ച് നിലവിൽ എത്ര കേസുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസുകളിൽ ഗവൺമെന്റ് ഭാഗത്തുനിന്ന് അനാസ്ഥയുള്ളതുകൊണ്ട് കേസുകൾ തീർപ്പാക്കുന്നതിന് കാലതാമസമുണ്ടാകുന്നു എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വനഭൂമിയുൾപ്പെടെ ഗവൺമെന്റ് ഭൂമി കയ്യേറി കൈവശം വച്ചിരിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് ആദിവാസി ഭൂമി സംബന്ധമായ തർക്കംമൂലം കാലതാമസമുണ്ടാകുന്നു എന്ന ആക്ഷേപത്തെക്കുറിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) 1975-ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കലും നിയമം അനുസരിച്ചു നടപടികൾ എടുത്തുവരുന്നു.

(ബി) 8,553 അപേക്ഷകൾ ലഭിച്ചതിൽ 2,649 അപേക്ഷകൾ തീരുമാനമെടുക്കാൻ ബാക്കിയുണ്ട്.

(സി) അതാത് ആർ. ഡി. ഒ.-മാരാണ് തീർപ്പു കൽപ്പിക്കേണ്ടത്. നിലവിലുള്ള കേസുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കുന്നതിന് വേണ്ട നിർദ്ദേശം എല്ലാ ആർ. ഡി. ഒ.-മാർക്കും നൽകിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ചാലക്കുടി താലൂക്ക് രൂപവൽക്കരണം

10 [1562] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുകുന്ദപുരം താലൂക്ക് വിഭജിച്ച് ചാലക്കുടി താലൂക്ക് രൂപവൽക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) ഇല്ല. സംസ്ഥാനത്തെ വില്ലേജുകൾ, താലൂക്കുകൾ, റവന്യൂ ഡിവിഷനുകൾ എന്നിവയുടെ പുനഃസംഘടനയെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് റവന്യൂ ബോർഡ് മെമ്പർ ശ്രീ. എം. ജി. കെ. മൂർത്തിയെ കമ്മീഷനായി നിയമിച്ചിരിക്കുകയാണ്. കമ്മീഷൻ റിപ്പോർട്ട് കിട്ടിയതിനുശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly